(ബി) പ്രസ്തുത ആശുപത്രിയിൽ എത്ര ഡോക്ടർമാരുടേയും മറ്റു ജീവനക്കാരുടേയും തസ്തികകൾ ഉണ്ടെന്നും അതിൽ എത്ര എണ്ണം ഒഴിഞ്ഞു കിടക്കുന്നുണ്ട് എന്നും വ്യക്തമാക്കുമോ ;

(സി) ഈ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് സൗകര്യമുണ്ടോ ;

(ഡി) പ്രതിദിനം ശരാശരി എത്ര രോഗികൾ ചികിത്സ തേടിയെത്തുന്നുണ്ട് ;

(ഇ) ഈ ആശുപത്രിയുടെ വികസനത്തിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(എഫ്) ഈ ആശുപത്രി കലോചിതമായി ആധുനികവൽക്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-എഫ്) ആലത്തൂരിൽ നിലവിൽ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി ഇല്ല. എന്നാൽ ആലത്തൂരിൽ ബീഡി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ഡിസ്പെൻസറി പ്രവർത്തിക്കുന്നുണ്ട്. ഇത് കേന്ദ്ര തൊഴിൽ വകുപ്പിന്റെ നിയന്ത്രണത്തിലാണ്. വെൽഫെയർ ഫണ്ട് കമ്മീഷണർ ബാംഗ്ലൂർ ആണ് ഇവിടുത്തെ ജീവനക്കാരുടെ നിയമനം നടത്തുന്നതും ശമ്പളം നൽകുന്നതും. ഇവിടെ ഒരു ഡോക്ടറും ഒരു സ്റ്റാഫ് നഴ്സും ഒരു ഫാർമസിസ്റ്റും ഒരു നഴ്സിംഗ് അസിസ്റ്റന്റും പ്രവർത്തിയെടുക്കുന്നതായി മനസ്സിലാക്കുന്നു.

പുതിയ ക്ഷേമനിധി ആനുകൂല്യങ്ങൾ

46 (5457) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം ഏതെല്ലാം വിഭാഗത്തിനാണ് പുതുതായി ക്ഷേമനിധി ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ഇവ ഓരോന്നിന്റെയും ഗുണഭോക്താക്കളുടെ എണ്ണം എത്രയാണ് ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം ഏതെല്ലാം വിഭാഗങ്ങൾക്കാണ് പുതുതായി പെൻഷൻ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുള്ളത് ;

(ഡി) ഈ ഓരോ വിഭാഗങ്ങളിലുമുള്ള ഗുണഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം തൊഴിൽ വകുപ്പ് ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളികൾക്കും ചെറുകിട തോട്ടം തൊഴിലാളികൾക്കും ആഭരണത്തൊഴിലാളികൾക്കും കുടിയേറ്റ തൊഴിലാളികൾക്കും ക്ഷേമനിധി പദ്ധതികൾ രൂപീകരിച്ചിട്ടുണ്ട്. പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി തൊഴിൽ വകുപ്പ് ആവിഷ്ക്കരിച്ച ക്ഷേമ പദ്ധതി നോർക്ക-റൂട്ട്സ് വകുപ്പാണ് നടപ്പാക്കുന്നത്.

#17/13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി). കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമ നിധിയിൽ 307278 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്. പെറുകിടതോട്ടം തൊഴിലാളി ക്ഷേമനിധിയിൽ 30-6-2010 വരെ 2183 തൊഴിലാളികളും 879 സ്വയം തൊഴിൽ ചെയ്യുന്നവരും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആഭരണത്തൊഴിലാളി ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ഗുണഭോക്താക്കൾ ഒന്നും നാളിതുവരെ ഉണ്ടായിട്ടില്ല. കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി രജിസ്ട്രേഷൻ ആരംഭിച്ചിട്ടേയുള്ളൂ എന്നതിനാൽ ഗുണഭോക്താക്കളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(സി) കേരള അൺഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ സ്കീം-2008 ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലവിൽ വന്ന പെൻഷൻ പദ്ധതിയാണ്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ 10 വർഷം അംഗമായിരിക്കുകയും 60 വയസ്സ് പൂർത്തിയാവുകയും ചെയ്തവർക്ക് ടി പദ്ധതി പ്രകാരം പെൻഷൻ ലഭിക്കും. നിലത്തെഴുത്താശാൻ/ആശാട്ടിമാർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. കേരള ബാർബർ & ബ്യൂട്ടീഷ്യൻ ക്ഷേമനിധി പദ്ധതി, കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി എന്നിവയിൽ വ്യവസ്ഥ ചെയ്തിരുന്നുവെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമാണ് പദ്ധതി പ്രകാരമുള്ള പെൻഷൻ അനുവദിക്കുകയുണ്ടായത്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളികൾക്ക് ആദ്യമായി പെൻഷൻ നൽകിയതും ഈ സർക്കാരാണ്.

(ഡി) 2808 ഗുണഭോക്താക്കൾക്ക് കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ സ്കീം 2008-ന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കേരള ബാർബർ ആന്റ് ബ്യൂട്ടീഷ്യൻ ക്ഷേമനിധി പദ്ധതി പ്രകാരം 751 ബാർബർ/ബ്യൂട്ടീഷ്യൻ തൊഴിലാളികൾക്കും കേരള അലക്ക് തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 345 അലക്കു തൊഴിലാളികൾക്കും ഇപ്പോൾ പെൻഷൻ നൽകി വരുന്നുണ്ട്. ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും മൊത്തം 5242 പേർക്കും പെൻഷൻ നൽകി വരുന്നു.

കർഷകത്തൊഴിലാളി ക്ഷേമനിധി

47 (5452) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികളുടെ അംശദായവും കർഷക വിഹിതവും വർദ്ധിപ്പിക്കുവാൻ സർക്കാരിന്റെ മുമ്പിൽ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?